പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 151 — *16.06.2014*-ൽ മറുപടിക്ക്

## കേരള ട്രാൻസ്പോർട്ട് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ

**ചോദ്യം**

ശ്രീ. എൻ. ഷംസുദ്ദീൻ :
" ടി. എ. അഹമ്മദ് കബീർ :
" കെ. മുഹമ്മദുണ്ണി ഹാജി:
" കെ. എൻ. എ. ഖാദർ :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള ട്രാൻസ്പോർട്ട് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) | കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിച്ചതിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:<br>1. വ്യക്തികൾ, സ്ഥാപനങ്ങൾ, പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സിക്ക്, വാഹനങ്ങൾ വാങ്ങുന്നതിലേക്കായി ലീസ്, ഹയർ പർച്ചേസ്, ഹൈപ്പോതിക്കേഷൻ, എന്നിവ മുഖേന സാമ്പത്തിക സഹായം ചെയ്യുക.<br>2. കെ.എസ്.ആർ.ടി.സിയുടെ അടിസ്ഥാന സൗകര്യങ്ങൾ വാണിജ്യ വിജയത്തിന് സഹായകമായ രീതിയിൽ മെച്ചപ്പെടുത്തുക (ഡീസൽ പമ്പുകളും സ്പെയർ പാർട്ട്സ് ഷോപ്പുകളും ബസ് സ്റ്റേഷനുകളും വ്യാപാര സമുച്ചയങ്ങളും നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക).<br>3. കര, വ്യോമ, ജല ഗതാഗതത്തിനായി വാഹനങ്ങൾ കൈവശമാക്കുന്നതിനായി വിവിധ കക്ഷികൾക്ക് സാമ്പത്തിക സഹായം നൽകുക.<br>4. ഗതാഗത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിർമ്മിതികൾക്കും സ്പെയർ പാർട്സുകളുടെ നിർമ്മാണവിതരണവുമായി ബന്ധപ്പെട്ടും സാമ്പത്തിക സഹായം നൽകുക. |

| | | | |
|---|---|---|---|
| | | | 5. കേരളത്തിനകത്ത് പ്രവർത്തിക്കുന്ന ഗതാഗതവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ഹ്രസ്വ-മദ്ധ്യ കാല വായ്പകൾ ലഭ്യമാക്കുക.<br>6. ആർ.ബി.ഐ.യുടെ നിബന്ധനകൾക്ക് വിധേയമായി അത്തരം സ്ഥാപനങ്ങളുടെ ഷെയർ കാപ്പിറ്റലിലും ഇക്വിറ്റി തുടങ്ങിയവയിലും മറ്റും മുതൽ മുടക്കുക. |
| (ബി) | ആയതിന്റെ പ്രവർത്തനംമൂലം കെ.എസ്.ആർ.ടി.സി.-ക്ക് എന്തൊക്കെ പ്രയോജനങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കെ.എസ്.ആർ.ടി.സി.ക്ക് സാമ്പത്തിക സഹായം നൽകിവരുന്നത് പ്രധാനമായും കെ.റ്റി.ഡി.എഫ്.സിയാണ്. 2001 മുതൽ നാളിതുവരെ കെ.റ്റി.ഡി.എഫ്.സി, കെ.എസ്.ആർ.ടി.സി.ക്ക് 2949.54 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. ഈ വായ്പകൾ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന് സഹായകരമായിട്ടുണ്ട്.<br>ഇതു കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ തെരഞ്ഞെടുത്ത ബസ് ടെർമിനലുകളിൽ കെ.റ്റി.ഡി.എഫ്.സി ബി.ഒ.റ്റി അടിസ്ഥാനത്തിൽ ബസ് ടെർമിനൽ കം ഷോപ്പിങ്ങ് കോംപ്ലക്സുകൾ നിർമ്മിച്ചിട്ടുണ്ട്. തിരുവനന്തപുരം (തമ്പാനൂർ), തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നിവിടങ്ങളിലാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. |
| (സി) | കെ.എസ്.ആർ.ടി.സി.ക്ക് വായ്പ നല്കുന്നതിനുള്ള ഈടായി ഏതൊക്കെ വസ്തുവകകൾ കെ.ടി.ഡി.എഫ്.സി.ക്ക് പണയപ്പെടുത്തിയിട്ടുണ്ട്; അതിന്റെ യഥാർത്ഥ മൂല്യം എത്ര വരുമെന്ന് വ്യക്തമാക്കുമോ ? | (സി) | കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിന് ഈടായി നൽകിയിട്ടുള്ള വസ്തുവകകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇതിൽ എല്ലാ വസ്തുക്കളുടെയും മൂല്യനിർണ്ണയം നടത്തിയിട്ടില്ല. ഇതിൽ മൂല്യം നിർണയിച്ചിട്ടുള്ള വസ്തുവകകളുടെ ആകെ മൂല്യം 465.07 കോടി രൂപയാണ്. വസ്തുവകകളുടെ മൂല്യം |

| | | | |
|---|---|---|---|
| | | | നിർണ്ണയിക്കുന്നതിനായി M/s. വർമ്മ & വർമ്മ എന്ന സ്ഥാപനത്തെ ചുമതല പ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## Details of the Properties offered as securities by KSRTC to KTDFC

| Block No | Survey No. | Village | Extent | Valuation amount | Documents available |
|---|---|---|---|---|---|
| | 265/1 B Patta No. 1138 | Kalady Village of Ponnani Taluk where the Regional Workshop of KSRTC, **Edappal** | 54.74 acres | 108 Crore [as per valuation certificate dated 24/03/2002] | Copy of Award of Acquisition by Government under Land Acquisition Act (Award No. 5/73 dated 27-03-1973) |
| 26 | 117/2 | Central Works of KSRTC Papanamcode | 23.64 acres | Not available | Original Possession Certificate, Location Certificate, Thandapperu Account, Location Sketch,Encumbrance Certificate |
| 83\| 10-11 | 2, 99, 117, 118 and 145 | Regional Workshop, Mavellikkara | 6.01975 acres | 185 crores [as per valuation certificate dated 06/04/2005] | Copy of Possession Certificate & Tax receipt 2005-06 |
| 80 | 97/2 | Pala Bus Station | 3.73 acres, 464 square links | Not available | **Pala:** Extract of Thandaperu Account , Form F, Possession Certificate, Location Sketch, Tax receipt 2002-03. **Erattupetta:** Original Thandaperu Account, Form F, Location Sketch, Possession Certificate, Tax Receipt 2002-03 |
| 47 | 45/4 | Erattupetta Bus Station | 2.84 acres 445 square links | | |
| | 18/9,18/10 ,18/11, 18/12,18/19,18/19,18 | Parassala Bus Station | 4 Hector 72 are and 23 | Not available | Original Possession Certificate. |

| | | | | | |
|---|---|---|---|---|---|
| 50 | 20.10/37, 10/38,9/27,6/17,6/25, 8/11,8/12, 8/13,9/4,9/7,9/8 and 8/2 | | sq. meter | | Tax receipt 2005-06, Encumbrance Certificate |
| 26 | 8/2 | Pappanamcode Depot | 2 Hectors 0.5 acre 60 Sq. meter | 102 crore [as per valuation certificated dated 25/03/2006] | **Nemom:** Original Possession Certificate, Thandapperu Account. |
| 30 | 159/2, 159/3, 159/4 | Chathannoor Depot | 2 Hectors 2 Are | | Chathanoor Depot: Original Tax receipt 2005-06, Possession certificate issued for availing loan from HUDCO, Thandapperu Kanakku |
| 39 | 395/13/14/15/16/17 | Vellanad, Bl. No 39 | 2.43 acres | 147 lakhs [as per valuation dated 24-04-08] | Original Tax Receipt , Posession Certificate, Location Certificate, Location Sketch, Thundaperu Account, Form E, Encumbrance certificate |
| 14 | 197/5-1 | Vizhinjam, Bl. No. 14 | 3.04 acres | 750 lakhs [as per valuation dated 24-04-08] | |
| Block No. 560/37 0 | PATA No. B8-28873/2008 dtd. 28/09/2008 | Transport Bhavan | 92.750 cents | | Original Encumbrance Certificate, Location Certificate, Possession Certificate, Location Plan, Tax receipt 2009-10, 10-11, copy of Thandaperu Account, **Photocopy of Pattayam** |
| 560/37 2 | | Thekketheruvu Maidanam | 69 cents | 6110 lakhs [as per valuation dated 07/02/2011] | |
| [illegible] | | | | **465.07 crore** | |

സെക്ഷൻ ഓഫീസർ